**ഭരണഭാഷ-മാതൃഭാഷ**

**അടിയന്തിര ശ്രദ്ധയ്ക്ക്**
**സമയപരിധിവച്ചുള്ള നടപടിക്ക്**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**എസിഡി.സി1/43762/2014** **തീയതി : 29.09.2014**

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഗാന്ധിജയന്തി 2014 ക്ലീൻ കാമ്പസ് - സേഫ് കാമ്പസ് പ്രവർത്തനങ്ങൾ - സംബന്ധിച്ച് -

സൂചന : 1 26.09.2014 ലെ സ്പെഷ്യൽ സെക്രട്ടറിയുടെ കത്തും സർക്കുലറും

2 സ.ഉ(സാ) നമ്പർ 2596/14/ആഭ്യന്തരം, തീയതി 27.09.2014

സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന ക്ലീൻ കാമ്പസ് - സേഫ് കാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായും ഇക്കൊല്ലത്തെ ഗാന്ധിജയന്തിയോടനുബന്ധിച്ച് 2014 ഒക്ടോബർ 2 മുതൽ 10 വരെ ഓരോ ദിവസവും നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ സൂചനകൾ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും സൂചന (2) ഉത്തരവ് പ്രകാരം ഒക്ടോബർ 2 മുതൽ 10 വരെ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും സ്വന്തം കാമ്പസ് വൃത്തിയാക്കേണ്ടതുമാണ്. കൂടാതെ ഓരോ സ്കൂളുകളിലും നടത്തിയ പ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ട് സ്കൂൾ പ്രിൻസിപ്പാൾമാർ ഒക്ടോബർ 15-ന് മുൻപ് അതാത് ആർ.ഡി.ഡി-മാർക്ക് അയച്ചു കൊടുക്കേണ്ടതും ആർ.ഡി.ഡി-മാർ അതത് ജില്ലകളിലെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ഒക്ടോബർ 31-നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാരും ടി സ്കൂൾ അദ്ധ്യാപക അനദ്ധ്യാപകരുടെയും പി.ടി.എ-യുടേയും സഹായ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വിജയിപ്പിക്കേണ്ടതാണ്. സൂചന സർക്കുലർ തുടർ പ്രവർത്തനങ്ങൾക്കായി ഉള്ളടക്കം ചെയ്യുന്നു.

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**

ഉള്ളടക്കം : സൂചന സർക്കാർ ഉത്തരവ്

1. എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ആർ.ഡി.ഡി.മാർക്കും
3. കരുതൽ ഫയൽ

23/Jay/29.09.14

45507

Acd. C
29/9/14

# കേരള സർക്കാർ

## സംഗ്രഹം

ആഭ്യന്തര വകുപ്പ്- ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2014 ഒക്ടോബർ 2 മുതൽ 10 വരെ ഗാന്ധിസ്മൃതി ദിനാചരണം - മാർഗ്ഗ നിർദ്ദേശങ്ങൾ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ജി) വകുപ്പ്

സ.ഉ.(സാ) നം.2596/14/ആഭ്യന്തരം തിരുവനന്തപുരം, തീയതി: 27.09.2014

---

പരാമർശം:- 28-8-2014-ലെ സ.ഉ.(എം.എസ്) നം. 170/2014/ആഭ്യന്തരം

## ഉത്തരവ്

വിദ്യാർത്ഥികളിലെ മദ്യം, മയക്കുമരുന്ന് മുതലായവയുടെ ഉപയോഗം തടയുന്നതിനും വിദ്യാർത്ഥികൾക്ക് അത്തരം ലഹരി പദാർത്ഥങ്ങൾ ലഭ്യമാക്കുന്നവരെ അമർച്ചചെയ്യുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സുരക്ഷിതമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ ആരംഭിച്ച "ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2014 ഒക്ടോബർ 2 മുതൽ 10 വരെയുള്ള ദിനങ്ങൾ താഴെ പറയുന്ന വിധം വിവിധ കർമ്മ പരിപാടികളോടെ 'ഗാന്ധിസ്മൃതി' ദിനങ്ങളായി ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗാന്ധിസ്മൃതി ദിനങ്ങളിലെ ഓരോ ദിനവും പ്രത്യേക പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതും നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിലെ പരിപാടികൾ നടക്കാതെ പോയാൽ അടുത്ത ദിവസം തലേദിവസത്തെ പരിപാടികൾ കൂടി ഉൾപ്പെടുത്തി നടത്തേണ്ടതുമാണ്.

**ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനം)** (വ്യാഴാഴ്ച)

സ്കൂൾ അസംബ്ലി സംഘടിപ്പിക്കുകയും ഗാന്ധിജിയുടെ ചിത്രത്തിൽ ഹാരാർപ്പണം നടത്തിയതിനു ശേഷം ഗാന്ധിയൻ ചിന്തകളെ സംബന്ധിച്ചും അവയുടെ ആനുകാലിക പ്രസക്തിയെ സംബന്ധിച്ചും ഒരു സന്ദേശം നൽകേണ്ടതാണ്. ഇത് അദ്ധ്യാപകർ നേരിട്ട് നടത്തുകയോ പുറമേ നിന്നുള്ള മറ്റ് പ്രമുഖ വ്യക്തികളെക്കൊണ്ട് നടത്തിക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ ഗാന്ധിജിയെപ്പറ്റിയുള്ള 'ഗാന്ധി', 'മേക്കിംഗ് ഓഫ് മഹാത്മ' എന്നീ സിനിമകളിൽ ഏതെങ്കിലുമൊന്ന് പ്രദർശിപ്പിക്കാവുന്നതാണ്.

**ഒക്ടോബർ 3** (വെള്ളി)

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളും ഫർണിച്ചറും മറ്റും വൃത്തിയും

വെടിപ്പുമുള്ളതാക്കുക.

**ഒക്ടോബർ 4** (ശനി)

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരപ്രദേശങ്ങളിൽ (മുറ്റം, ഗ്രൗണ്ട് തുടങ്ങിയവ) ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക. വിദ്യാഭ്യാസ സ്ഥാപന പരിസരത്തെവിടെയെങ്കിലും പാഴ്‌വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കരുത്.

**ഒക്ടോബർ 5** (ഞായർ)

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളിലെയും ശുചിമുറികളിലെയും മറ്റും ചുവരുകൾ ചായം പൂശുക

**ഒക്ടോബർ 6** (തിങ്കൾ)

മതിയായ ശുചിമുറികൾ നിർമ്മിക്കുക. ശുചിമുറികൾ എല്ലാ ദിവസവും വൃത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കാനുള്ള ഉത്തരവാദിത്വം അദ്ധ്യാപകരെ/ഉദ്യോഗസ്ഥരെ ഏൽപ്പിച്ച് സ്ഥാപന മേധാവി ഉത്തരവ് പുറപ്പെടുവിക്കുക. മലിന ജലം കെട്ടിക്കിടക്കാതിരിക്കാൻ വേണ്ട സംവിധാനങ്ങൾ നടപ്പിലാക്കുക. പച്ചക്കറിത്തോട്ടം/പൂന്തോട്ടം നിർമ്മിക്കുക.

**ഒക്ടോബർ 7** (ചൊവ്വ)

കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുക, കിണറുകളും കുടിവെള്ള ടാങ്കുകളും വൃത്തിയാക്കുക. പൊട്ടിയ ടാപ്പുകൾ നന്നാക്കുക തുടങ്ങിയവ.

**ഒക്ടോബർ 8** (ബുധൻ)

പ്ലാസ്റ്റിക് കവറുകൾ നിക്ഷേപിക്കുന്നതിനും നീക്കംചെയ്യുന്നതിനും /നശിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുക, മറ്റ് ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും നീക്കംചെയ്യുന്നതിനും /നശിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കുക.

**ഒക്ടോബർ 9** (വ്യാഴം)

ഉച്ച ഭക്ഷണം തയ്യാറാക്കുന്ന അടുക്കള, പാത്രങ്ങൾ, പരിസരം എന്നിവ വൃത്തിയും വെടിപ്പുമുള്ളതാക്കുക. ആഹാര സാധനങ്ങൾ സംഭരിക്കുന്നതിനും വിളമ്പുന്നതിനും പ്ലാസ്റ്റിക് പാത്രങ്ങൾ ഉപയോഗിക്കരുത്. ലഭ്യതയനുസരിച്ച് സ്റ്റീൽ പാത്രങ്ങൾ , വാഴയില എന്നിവ ഉപയോഗിക്കുക.

**ഒക്ടോബർ 10 (വെള്ളി)**

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം മൂലമുള്ള ദൂഷ്യവശങ്ങൾ, പരിസര ശുചീകരണത്തിന്റെ പ്രാധാന്യം എന്നിവ പ്രചരിപ്പിക്കുന്നതിനായി പ്ലക്കാർഡുകളും മറ്റും ഉൾപ്പെടുത്തി റാലികൾ സംഘടിപ്പിക്കേണ്ടതും വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റു പൊതുജനങ്ങൾക്കുമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.എസ്. കൃഷ്ണകുമാർ
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
ശുചിത്വ മിഷൻ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ